(സി) കോട്ടയം മെഡിക്കൽ കോളേജിലെ പത്തോളജി വിഭാഗത്തിലെ ഒരു ഡോക്ടർ കൊച്ചി മാതാ അമൃതാനന്ദമയി ആശുപത്രിയിൽവച്ച് മഞ്ഞപ്പിത്തം മൂലം മരണപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സ്ഥാപനത്തിലെ മൈക്രോ ബയോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജിന്റെ പരിസര പ്രദേശങ്ങളിലുള്ള ജല സ്രോതസ്സുകളിൽനിന്നും ജലം ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി അതിന്റെ റിപ്പോർട്ട് ജില്ലാ മെഡിക്കൽ ആഫീസർക്ക് മേൽ നടപടികൾക്കായി നൽകിയിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച തീരുമാനം എടുത്തിട്ടില്ല.

കോട്ടപ്പറമ്പ് ആശുപത്രിയിലെ വിശ്രമ കേന്ദ്രം

105 [3157] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന വിശ്രമ കേന്ദ്രം ആരാണ് നടത്തുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യ ഏജൻസിയാണ് നടത്തുന്നതെങ്കിൽ എന്തു വ്യവസ്ഥയിലാണ് അവർക്ക് നൽകിയിട്ടുള്ളത്;

(സി) വ്യവസ്ഥയുടെ കാലാവധി കഴിഞ്ഞെങ്കിൽ അത് തിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത വിശ്രമകേന്ദ്രത്തിൽനിന്നും എന്തു വരുമാനമാണ് ഓരോ വർഷവും ആശുപത്രിക്ക് ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ ആന്റ് ബി) കോഴിക്കോട് കോട്ടപ്പറമ്പിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോടനുബന്ധിച്ചുള്ള വിശ്രമകേന്ദ്രം മലബാർ ചേംബർ ഓഫ് കൊമേഴ്സ് എന്ന സംഘടനയാണ് നടത്തിവരുന്നത്.

6-4-88-ലെ (ആർ.ടി.) 924/88/ആകുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രസ്തുത വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്.

ടി സംഘടന നിർമ്മിച്ച കെട്ടിടം പ്രസ്തുത സംഘടനയുടേതായിരിക്കുമെന്നും ഫീസ് ഈടാക്കുന്നതിനുള്ള അവകാശവും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ശുചീകരണം എന്നിവയുടെ ഉത്തരവാദിത്വവും ചേംബറിന്റേത് ആയിരിക്കണമെന്നുമുള്ള വ്യവസ്ഥകളോടെയാണ് വിശ്രമകേന്ദ്രം നിർമ്മാണത്തിന് അനുമതി നൽകിയത്. എന്നാൽ കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ആരോഗ്യവകുപ്പിന്റേതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഉത്തരവിൽ കാലാവധി ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത വിശ്രമ കേന്ദ്രത്തിന്റെ സേവനം ആശുപത്രിയിലെ രോഗികൾക്കോ, അവരുടെ കൂട്ടിരിപ്പുകാർക്കോ ലഭ്യമാകാത്ത സാഹചര്യത്തിലും മറിച്ച് ആയതിന്റെ ആനുകൂല്യം മലബാർ ചേംബർ ഓഫ് കോമേഴ്സ് മാത്രം അനുഭവിച്ചു വരുന്നതിനാലും കെട്ടിടത്തിന്റെ നിയന്ത്രണാവകാശം ആശുപത്രിക്ക് വിട്ടുകൊടുക്കുന്നതിനുവണ്ടി നടപടികൾ സ്വീകരിക്കുവാൻ ആശുപത്രി വികസന സമിതി തീരുമാനമെടുക്കുകയുണ്ടായിട്ടുണ്ട്. ഇതിനെതിരായി മലബാർ ചേംബർ ഓഫ് കൊമേഴ്സ് കേസ് ഫയൽ ചെയ്യുകയും പ്രസ്തുത വിശ്രമ കേന്ദ്രത്തിന്റെ നിയന്ത്രണം ആശുപത്രി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് കാണിച്ച് ബഹു. കോടതി വിധി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വിശ്രമ കേന്ദ്രത്തിൽ നിന്നും നാളിതുവരെ ഒരു വരുമാനവും ആശുപത്രിക്ക് ലഭിച്ചിട്ടില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് ആരംഭിക്കാൻ നടപടി

106 [3158] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ കോഴ്സുകളിൽ പി. ജി. തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതിനായി ഇൻസ്പെക്ഷന്വേണ്ടി എത്ര സംഖ്യ ഫീസായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനാവശ്യമായ സംഖ്യ ഏതു ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 2005-2006 വർഷത്തിൽ ഏതൊക്കെ പി. ജി. കോഴ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി, & ഇ)

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതുതായി താഴെപറയുന്ന പി. ജി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

1. ഓർത്തോപീഡിക്സ് (എം. എസ്.)
2. പാത്തോളജി (എം. ഡി.)
3. ഇ. എൻ. റ്റി. (എം. എസ്.)
4. പീഡിയാട്രിക്സ് (എം. ഡി.)
5. ജനറൽ സർജറി (എം. എസ്.)
6. ഒഫ്ത്താൽമോളജി (എം. എസ്.)
7. മൈക്രോ ബയോളജി (എം. ഡി.)

LIBRARY ARCHIVES Kerala Legislative Assembly